# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5635

24.05.2017-ൽ മറുപടിയ്ക്ക്

### പത്തനംതിട്ട ജില്ല ആയുർവേദ ആശുപത്രി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ല ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള കെട്ടിടം ഏതു വർഷം നിർമ്മിച്ചതാണ്; | (എ) | പത്തനംതിട്ട അയിരൂർ ജില്ലാ ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി 2004 ഓഗസ്റ്റ് മാസം 4-ാം തീയതി ഉദ്ഘാടനം ചെയ്തിട്ടുള്ളതാണ്. |
| (ബി) | കെട്ടിടം പൂർത്തീകരിച്ചെങ്കിലും ഇതിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| (സി) | ശാരീരികാവശതകൾ അലട്ടുന്ന രോഗികൾക്കും പടികൾ കയറാൻ ബുദ്ധിമുട്ടുള്ളവർക്കും ക്രിയകൾ കഴിഞ്ഞവർക്കും മുകളിലത്തെ നിലകളിലേക്ക് കയറാൻ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ രോഗിയുടെ സൗകര്യാർത്ഥം ഇവിടെ ലിഫ്റ്റ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ജില്ലാ പഞ്ചായത്തിൽ നിന്ന് ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ